കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കൂൾ പാർലമെൻറിൽ(സ്കൂൾ ജനാധിപത്യവേദി)അപ്പർപ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളോടൊപ്പം ഹയർസെക്കൻററി, വൊക്കേഷണൽ ഹയർ സെക്കൻററി വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചുകൊണ്ടും സ്കൂൾ പാർലമെൻറ് രൂപീകരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്.

സ.ഉ.(എം.എസ്സ്) നം. 194/2007/പൊ.വി.വ. തിരുവനന്തപുരം, തീയതി, 05/11/2007

---

പരാമർശം:- 10/11/2003-ലെ സ.ഉ (എം.എസ്) നം.308/2003/പൊ.വി.വ

## ഉത്തരവ്

മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം, സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട താഴെപ്പറയുന്ന പത്തു മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

i) സ്കൂൾ പാർലമെൻറിലേക്കുള്ള തെരഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയത്തിലധിഷ്ഠിതമായല്ല നടത്തപ്പെടുന്നതെന്ന് ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ ഉറപ്പുവരുത്തേണ്ടതാണ്;

ii) സ്കൂളിൽ കായികമേളകൾ, ചർച്ചാവേദികൾ, ശ്രമദാനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ച് വിദ്യാർത്ഥികളുടെ കായികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ സ്കൂൾ പാർലമെൻറിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ പ്രധാനാദ്ധ്യാപകന് സ്വാതന്ത്ര്യമുണ്ടായിരിക്കും;

iii) സ്കൂളിൻെറ പ്രവർത്തനത്തേയും വിദ്യാർത്ഥികളുടെ അദ്ധ്യയനത്തേയും ബാധിക്കുന്നതും തടസ്സപ്പെടുത്തുന്നതുമായ രീതിയിൽ സ്കൂൾ കാമ്പസ്സിനുള്ളിലോ പുറത്തോ ഏതെങ്കിലും തരത്തിലുള്ള കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഏതെങ്കിലും വിദ്യാർത്ഥിക്കോ, വിദ്യാർത്ഥി സംഘടനകൾക്കോ അനുവാദം ലഭിക്കുന്നില്ലെന്ന് സ്കൂളിലെ, അദ്ധ്യാപകരും പ്രധാനാദ്ധ്യാപകനും ഉറപ്പുവരുത്തേണ്ടതാണ്;

iv) സ്കൂളിൻെറ പ്രവർത്തനത്തേയും വിദ്യാർത്ഥികളുടെ അദ്ധ്യയനത്തേയും ബാധിക്കുന്നതും തടസ്സപ്പെടുത്തുന്നതുമായ രീതിയിൽ സ്കൂൾ കാമ്പസ്സിനുള്ളിലോ പുറത്തോ ഏതെങ്കിലും തരത്തിലുള്ള കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏതെങ്കിലും വിദ്യാർത്ഥിയോ വിദ്യാർത്ഥി സംഘടനകളോ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായ വിദ്യാർത്ഥികൾക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടത്തിലെ അദ്ധ്യായം IX-ലെ ചട്ടം 6-ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുള്ള കർത്തവ്യം സ്കൂളിലെ പ്രധാനാദ്ധ്യാപകനിൽ നിക്ഷിപ്തമാണ്;

v) സ്കൂൾ പാർലമെൻറിലേക്കുള്ള തെരഞ്ഞെടുപ്പു പ്രക്രിയയിൽ സ്കൂളിലെ വിദ്യാർത്ഥികളെ മറ്റു വിദ്യാർത്ഥികൾ മുഖേനയൊ, അദ്ധ്യാപകർ മുഖേനയൊ മറ്റു ജീവനക്കാർ മുഖേനയൊ പുറമെ നിന്നുള്ളവർ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാധീനിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും അതിനു വിപരീതമായി സംഭവിച്ചാൽ അത്തരം ഇടപെടലുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പ്രാഥമിക കർത്തവ്യം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകനിൽ നിക്ഷിപ്തമാണ്;

vi) സ്കൂളിൽ ഏതെങ്കിലും തരത്തിലുള്ള അക്രമ സംഭവങ്ങളോ അദ്ധ്യയനം തടസ്സപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളോ ഉണ്ടായാൽ അക്കാര്യം തൊട്ടടുത്ത പൊലീസ് സ്റ്റേഷനിൽ യഥാസമയം റിപ്പോർട്ടു ചെയ്യുന്നതിനുള്ള ചുമതല ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകനിൽ നിക്ഷിപ്തമാണ്;

vii) സ്കൂൾ പ്രധാനാദ്ധ്യാപകൻെറ അറിയിപ്പ് ലഭിച്ചാലുടൻ യഥാസമയം അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. ആരെങ്കിലും ഏതെങ്കിലും ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി കണ്ടെത്തിയാൽ അവർക്കെതിരെ കേസ്സ് ചാർജ്ജ് ചെയ്ത് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്;

viii) സ്കൂൾ പാർലമെൻറിലേക്കുള്ള തെരഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയത്തിനും രാഷ്ട്രീയ ഇടപെടലുകൾക്കും അതീതമായിരിക്കുമെന്നും തെരഞ്ഞെടുപ്പ് രാഷ്ട്രീയവൽക്കരിക്കില്ലെന്നും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലായിരിക്കില്ലെന്നും സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. അതിനാൽ സ്കൂൾ കാമ്പസ്സുകളിൽ ഒരു തരത്തിലുമുള്ള വിധ്വംസക പ്രവർത്തനങ്ങളും ഉണ്ടാകുന്നില്ലെന്ന്

ix) വിദ്യാർത്ഥികളുടെ ഉത്തമ താല്പര്യങ്ങൾക്കും സ്കൂളിന്റെ സുഗമമായ നടത്തിപ്പിനുമായി സ്കൂളിലെ അദ്ധ്യാപകർക്കും പ്രധാനാദ്ധ്യാപകനും ആവശ്യമെങ്കിൽ രക്ഷകർത്താക്കളുടെ അഭിപ്രായം ആരായാവുന്നതാണ്. എന്നാൽ സ്കൂളിന്റെ അച്ചടക്കവും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിന്മേലുമുള്ള പ്രധാനാദ്ധ്യാപകന്റെ തീരുമാനം അന്തിമവും ആയത് നടപ്പിലാക്കപ്പെടാൻ ബാദ്ധ്യസ്ഥവുമാണ്;

x) തടസ്സമില്ലാത്ത വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശം ഭരണഘടനയുടെ ആർട്ടിക്കിൾ 21-ഉം സർക്കാരിന്റെ നയങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശക തത്വങ്ങളും അനുശാസിക്കുന്നുണ്ട്. അതിനാൽ ഭരണഘടന അനുശാസിക്കുന്ന മേൽ അവകാശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി മേൽ പ്രതിപാദിച്ച കാര്യങ്ങൾക്കു പുറമെ ഇതുസംബന്ധിച്ച് ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്.

(2) മേൽ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു:

i) നിലവിലുള്ള സ്കൂൾ പാർലമെന്റിൽ അപ്പർപ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളോടൊപ്പം ഹയർസെക്കൻററി, വൊക്കേഷണൽ ഹയർസെക്കൻററി വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതാണ്;

ii) സ്കൂളിലെ എല്ലാ അദ്ധ്യാപകരും ചേർന്ന് സംയുക്തമായി നിർദ്ദേശിക്കുന്ന ഒരു അദ്ധ്യാപിക/അദ്ധ്യാപകൻ ആയിരിക്കും സ്കൂൾ പാർലമെന്റിന്റെ സ്റ്റാഫ് അഡ്വൈസർ. ഇദ്ദേഹം സ്കൂൾ പാർലമെന്റിന്റെ സഹരക്ഷാധികാരികൂടിയായിരിക്കും. കൂടാതെ തെരഞ്ഞെടുപ്പ് നടത്താനുള്ള റിട്ടേണിംഗ് ഓഫീസറും ഇദ്ദേഹമായിരിക്കും;

iii) ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ എന്നിവർ സ്കൂൾപാർലമെന്റിന്റെ രക്ഷാധികാരികളായിരിക്കും. ഇവരെക്കൂടാതെ ഇരുവരും സഹപ്രവർത്തകരും സംയുക്തമായി തെരഞ്ഞെടുക്കുന്ന സ്റ്റാഫ് സെക്രട്ടറി, സ്റ്റാഫ് അഡ്വൈസർ എന്നിവരും സ്കൂൾ പാർലമെന്റിലെ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും;

iv) രക്ഷാധികാരികളുടെ അംഗീകാരത്തോടെ റിട്ടേണിംഗ് ഓഫീസർ ഓരോ ക്ലാസ്സ് ഡിവിഷനിലെയും അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർമാരെ നിയമിക്കണം. ഇവർതന്നെയായിരിക്കും ഓരോ ഡിവിഷനിലെ പ്രിസൈഡിംഗ് ഓഫീസർ.

(3) സ്കൂൾ പാർലമെൻറ് രൂപീകരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗരേഖകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർ സെക്കൻററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കൻററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(ബന്ധപ്പെട്ട ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ( എ & ഇ), കേരള, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു.പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
} ആമുഖ കത്ത് സഹിതം
ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

# സ്കൂൾ ജനാധിപത്യവേദി

## ആമുഖം

സ്കൂൾ ജനാധിപത്യവേദി എന്ന രീതിയിലേക്ക് നിലവിലുള്ള സ്കൂൾ പാർലമെന്റുകളെ പുനർ നിർവചിക്കുകയാണ്. ഹൈസ്കൂൾ, യു.പി. സ്കൂൾ വിഭാഗങ്ങളിൽ മാത്രം നിലവിലിരിക്കുന്ന ഈ സംവിധാനം ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസുകൾ കൂടി ചേർത്ത് വിപുലീകരിക്കുകയാണ്. ഇത്തരത്തിൽ ഒരു വിദ്യാലയത്തിന് ഒരു പാർലമെന്റ് എന്ന രീതിയിൽ വിദ്യാർത്ഥികളുടെ പാർലമെന്റ് രൂപീകരിക്കുന്നതിനും നടത്തിപ്പിനും ഉള്ള മാർഗരേഖകൾ/ചട്ടങ്ങൾ താഴെ കൊടുക്കുന്നു.

## II സ്കൂൾ പാർലമെന്റ് - ലക്ഷ്യങ്ങൾ

സ്കൂളിലെ പാർലമെന്റ് സംവിധാനത്തിന് താഴെപറയുന്ന ഉത്തരവാദിത്തങ്ങൾ/ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും.

1) വ്യക്തി കേന്ദ്രീകൃതവും മത്സര കേന്ദ്രീകൃതവുമായി വളരുന്ന വിദ്യാർത്ഥികളെ ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന തരത്തിൽ ഭാവിസമൂഹത്തിന് ഗുണകരമായ രീതിയിൽ പരസ്പര സഹകരണത്തിന്റെയും, സാഹോദര്യത്തിന്റെയും മാർഗത്തിൽ നയിക്കുക.

2) ജനാധിപത്യം എന്ന ആശയം ജീവിതമൂല്യമായി മാറ്റാൻ കഴിയുന്ന അനുഭവം പ്രദാനം ചെയ്യാൻ ഉതകുംവിധം സ്കൂൾ പാർലമെന്റ്, സാഹിത്യവേദി, കലാവേദി, കായിക വേദി, മറ്റു ക്ലബ്ബുകൾ എന്നിവയെ പ്രവർത്തിപ്പിക്കുക.

3) സ്കൂളിൽ നടക്കുന്ന കലാമേള, കായിക മേള, ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യ ശാസ്ത്രമേള, മറ്റു മേളകൾ, പൊതു പരിപാടികൾ എന്നിവയുടെ സംഘാടനത്തിന്റെയും നടത്തിപ്പിന്റെയും ഭാഗമായിത്തീരുക, സ്കൂൾ അധികാരികളെ സഹായിക്കുക.

4) സ്കൂളിന്റെ പ്രവർത്തനങ്ങൾ, പഠനയാത്ര, പ്രാദേശിക സന്ദർശനങ്ങൾ ഇവയുടെ സംഘാടനത്തിലും നടത്തിപ്പിലും പങ്കാളികളാവുക.

5) സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്താനായി സംഘടിപ്പിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളിലും പങ്കാളികളാവുക.

6) പൊതു വിദ്യാഭ്യാസം നിലനിർത്താനും അതിന്റെ ഗുണനിലവാരം ഉയർത്താനുമുള്ള ശ്രമങ്ങളിൽ സഹായിക്കുകയും പങ്കാളികളാവുകയും ചെയ്യുക.

## III സ്കൂൾ പാർലമെന്റിന്റെ സംഘാടനം

1) കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച 10.11.2003 ലെ ജി.ഒ. (എം.എസ്.) 309/03/പൊ.വി. പ്രകാരമുള്ള പത്ത് നിർദ്ദേശങ്ങൾക്കനുസൃതമായിവേണം സ്കൂൾ പാർലമെന്റ് രൂപീകരണ പ്രവർത്തനങ്ങൾ. കൂടാതെ കോളേജുകളിലെ സമാനവേദികളുടെ കാര്യത്തിൽ നിലവിലുള്ള ഇടക്കാല വിധിയിലെ നിർദേശങ്ങളും ഇതിന് ബാധകമായിരിക്കും.

2) ഒരു വിദ്യാലയത്തിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ ഓരോ ക്ലാസും തെരഞ്ഞെടുപ്പിനുള്ള യൂണിറ്റ് ആയിരിക്കും. ഇങ്ങനെയുള്ള ഓരോ യൂണിറ്റും ഒരു മെമ്പറെ തെരഞ്ഞെടുക്കുന്നതാണ്. ഈ മെമ്പർ ക്ലാസ് ലീഡർ എന്നാണറിയപ്പെടുക. ക്ലാസ് ലീഡർമാർ ചേർന്നതാണ് സ്കൂൾ പാർലമെന്റ്.

3) ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ എന്നിവർ സ്കൂൾ പാർലമെന്റിന്റെ രക്ഷാധികാരികളായിരിക്കും.

4) സ്കൂളിലെ എല്ലാ അധ്യാപകരും ചേർന്ന് സംയുക്തമായി നിർദ്ദേശിക്കുന്ന ഒരു അധ്യാപിക/ അധ്യാപകൻ ആയിരിക്കും പാർലമെന്റിന്റെ സ്റ്റാഫ് അഡൈ്വസർ. ഇദ്ദേഹം പാർലമെന്റിന്റെ സഹരക്ഷാധികാരി കൂടിയായിരിക്കും. കൂടാതെ തെരഞ്ഞെടുപ്പ് നട ത്താനുള്ള റിട്ടേണിങ് ഓഫീസറും ഇദ്ദേഹമായിരിക്കും.

5) സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് രഹസ്യ 'ബാലറ്റ്' സമ്പ്രദായത്തിലാവണം നടത്തേണ്ടത്.

6) ഒരു ക്ലാസിലെ ഹാജർ പട്ടികയിൽ പേരുള്ള എല്ലാ കുട്ടികൾക്കും വോട്ടവകാശം ഉണ്ടായിരിക്കും

7) ഓരോ ക്ലാസിന്റെയും ഓരോ ഡിവിഷനിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ പ്രതിനിധികൾ ചേർന്നതാണ് സ്കൂൾ പാർലമെന്റ്. അതത് ക്ലാസിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് മാത്രമെ ക്ലാസ് ലീഡർ സ്ഥാനത്തേക്ക് മത്സരിക്കാൻ അർഹതയുണ്ടാകൂ. മിക്സ്ഡ് വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തോതിൽ സീറ്റുകൾ അവർക്ക് സംവരണം ചെയ്യണം. യു.പി. വിഭാഗം, ഹൈസ്കൂൾ വിഭാഗം, ഹയർ സെക്കന്ററി വിഭാഗം എന്നിവയിലേതെങ്കിലും മിക്സ്ഡ് അല്ലെങ്കിൽ അതൊഴിവാക്കിയാവും പെൺകുട്ടികളുടെ പ്രാതിനിധ്യത്തിന്റെ പങ്ക് തീരുമാനിക്കുക. ഉദാഹരണമായി, 9 ാം ക്ലാസിൽ 4 ഡിവിഷൻ ഉണ്ടെങ്കിൽ എ, സി. ഡിവിഷൻ പ്രതിനിധികൾ ആൺകുട്ടികളാണെങ്കിൽ ബി., ഡി. എന്നീ ഡിവിഷൻ പ്രതിനിധികൾ പെൺകുട്ടികളായിരിക്കണം. ഇത് ഓരോ വർഷവും മാറുകയും വേണം. ഹയർ സെക്കന്ററിയിൽ പ്ലസ്വൺ ക്ലാസിലെ പ്രതിനിധി ആൺകുട്ടിയെങ്കിൽ പ്ലസ്ടുവിൽ പെൺകുട്ടിയാകണം. വൊക്കേഷണൽ ഹയർസെക്കന്ററിയിലും ഇത്തരത്തിലാകണം.

8) സ്കൂൾ പാർലമെന്റ് യോഗം ചേർന്ന് അതിൽ നിന്ന് ചെയർപേഴ്സൺ, വൈസ് ചെയർ പേഴ്സൺ, സെക്രട്ടറി, ജോ. സെക്രട്ടറി, കലാവേദി സെക്രട്ടറി, ജേ.സെക്രട്ടറി, സാഹിത്യവേദി സെക്രട്ടറി, ജോ. സെക്രട്ടറി, കായികവേദി സെക്രട്ടറി, ജോ.സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കണം. ചെയർപേഴ്സൺ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നും വൈസ് ചെയർപേഴ്സൺ, ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്നുമായിരിക്കണം. സെക്രട്ടറി സ്കൂൾ വിഭാഗത്തിൽ നിന്നും ജോ.സെക്രട്ടറി ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നുമായിരിക്കണം. കലാവേദി, കായികവേദി, സാഹിത്യവേദി, സെക്രട്ടറിമാരുടെ കാര്യത്തിലും ഈ പ്രാതിനിധ്യം ഉറപ്പാക്കണം. ഇക്കാര്യം സ്കൂളുകൾക്ക് തീരുമാനിക്കാം. ഹയർ സെക്കന്ററിയും, വൊക്കേഷണൽ ഹയർ സെക്കന്ററിയും ഉള്ള വിദ്യാലയങ്ങളിൽ ആ ഘട്ടത്തിന് അനുവദിച്ച സ്ഥാനം ഒരു വർഷം ഹയർ സെക്കന്ററിക്ക്, അടുത്ത വർഷം വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് എന്നിങ്ങനെയാവാം.

9) മിക്സ്ഡ് വിദ്യാലയങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരിൽ ഒരാളും സെക്രട്ടറി, ജോ.സെക്രട്ടറി എന്നിവരിൽ ഒരാളും വിവിധ വേദികളുടെ (കലാവേദി, കായിക വേദി...) രണ്ടു ഭാരവാഹികളിൽ ഒരാളും പെൺകുട്ടികളാകണം.

10) സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ്, തുടങ്ങി സ്കൂളിൽ നിലനിൽക്കുന്ന വിവിധ ക്ലബ്ബുകൾക്കായുള്ള പാർലമെന്റ് ചുമതല സ്കൂൾ പാർലമെന്റ് അംഗങ്ങൾക്ക് നൽകാവുന്നതാണ്. ഇങ്ങിനെ നൽകുമ്പോൾ പെൺകുട്ടി ആൺകുട്ടി തുല്യത പാലിക്കേണ്ടതാണ്.

11) പ്രിൻസിപ്പാൽ, ഹെഡ്മാസ്റ്റർ എന്നിവരെ കൂടാതെ അവരും, സഹപ്രവർത്തകരും സംയുക്തമായി തെരഞ്ഞെടുക്കുന്ന സ്റ്റാഫ് സെക്രട്ടറി, സ്റ്റാഫ് അഡൈ്വസർ എന്നിവരും പാർലമെന്റിലെ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും.

## IV തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ

1) ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അഡ്മിഷൻ പൂർത്തിയായി ഒരു മാസത്തിനുള്ളിലും എല്ലാ സ്കൂളുകളിലും [illegible] ഒരേ [illegible] സമയത്തിലും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിക്കുന്ന തെരഞ്ഞെടുപ്പ് തീയതിക്കനുസൃതമായി താഴെപറയുന്ന തീയതികൾ റിട്ടേണിങ് ഓഫീസർ പ്രഖ്യാപിക്കേണ്ടതുണ്ട്.

   (i) നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി

   (ii) നാമനിർദ്ദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി

   (iii) നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി

   (iv) മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള തീയതി

   (v) വോട്ടെടുപ്പ് തീയതിയും സമയവും

   (vi) വോട്ടെണ്ണൽ സ്ഥലവും ഫലപ്രഖ്യാപന തീയതിയും സമയവും

   (vii) പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തീയതിയും സമയവും

   (viii) പാർലമെന്റിന്റെ ആദ്യയോഗത്തിന്റെ തീയതി.
   (ഓരോ തീയതിക്കുമിടയിൽ ആവശ്യമായ സമയം ഉറപ്പാക്കിയിരിക്കണം)

2) രക്ഷാധികാരികളുടെ അംഗീകാരത്തോടെ റിട്ടേണിങ് ഓഫീസർ ഓരോ ക്ലാസ് ഡിവിഷനിലെയും അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർമാരെ നിയമിക്കണം. ഇവർതന്നെയായിരിക്കും അതത് ഡിവിഷനിലെ പ്രിസൈഡിങ് ഓഫീസർ.

3) അനുബന്ധം 1 ൽ നൽകിയിട്ടുള്ള ഫോറത്തിൽ ആണ് ക്ലാസ് ലീഡറായി മത്സരിക്കാനുദ്ദേശിക്കുന്ന വിദ്യാർത്ഥി റിട്ടേണിങ് ഓഫീസർക്ക് നാമനിർദേശ പത്രിക സമർപ്പിക്കേണ്ടത്. എല്ലാതരത്തിലും പൂർണമായ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനു നൽകിയിട്ടുള്ള അവസാനതീയതിയിൽ വൈകുന്നേരം 4 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

4) നാമനിർദ്ദേശപത്രികയിലെ പ്രതിജ്ഞയിൽ സ്ഥാനാർത്ഥിയും പിന്താങ്ങുന്ന രണ്ടുപേരും അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒപ്പിടേണ്ടതാണ്. നാമനിർദ്ദേശപത്രികകൾ അതത് ഡിവിഷനിലെ അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർമാരാണ് സ്വീകരിക്കുക.

5) റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർമാരുടെ സഹായത്തോടെ നാമനിർദ്ദേശപത്രികകൾ പരിശോധിച്ച് നിയമപ്രകാരം സ്വീകരിക്കാനാവാത്തവ തിരസ്കരിക്കുകയും മറ്റുള്ളവ സ്വീകരിക്കുകയും വേണം. സ്വീകരിച്ചവ ലിസ്റ്റായി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം. നിരസിച്ച നോമിനേഷനുകളുണ്ടെങ്കിൽ നിരസിക്കാനുള്ള കാരണം നാമനിർദ്ദേശ പത്രികയിൽ അവയിൽ എഴുതി വെക്കേണ്ടതാണ്.

6) റിട്ടേണിങ് ഓഫീസറുടെ തീരുമാനത്തിൽ പരാതികളുണ്ടെങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ച് [illegible]

7) സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന തരത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം പാടില്ല.

8) വോട്ടെടുപ്പ് ദിവസത്തിൽ യാതൊരുവിധ പ്രചാരണവും പാടില്ല.

9) വോട്ടെടുപ്പ് ദിവസം വോട്ടെടുപ്പിന് മുമ്പ് വോട്ടുചെയ്യേണ്ടവിധം, വോട്ട് അസാധുവായി പരിഗണിക്കുന്ന സാഹചര്യങ്ങൾ, മറ്റുനിയമങ്ങൾ എന്നിവ അതത് ഡിവിഷനിലെ വിദ്യാർത്ഥികൾക്ക് പ്രിസൈഡിങ് ഓഫീസർ വിശദീകരിച്ച് കൊടുക്കണം. ഇത് ഒരു മത്സരാർത്ഥിയോടും പക്ഷപാതപരമായ വിധത്തിലാകരുത്.

10) രക്ഷാധികാരികളുടെ നിർദ്ദേശത്തിനനുസൃതമായി റിട്ടേണിങ് ഓഫീസർ ബാലറ്റ് പേപ്പറുകൾ തയ്യാറാക്കണം. ബാലറ്റ് പേപ്പറിൽ സ്കൂൾ സീലും, പ്രിസൈഡിങ് ഓഫീസറുടെ ഒപ്പും ഉണ്ടായിരിക്കണം. ഒപ്പും സീലും ഇല്ലാത്ത ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തിയ വോട്ടുകൾ അസാധുവായിരിക്കും.

11) അടച്ചുപൂട്ടിയ പെട്ടിയോ, ടിൻബോക്സോ, ഭദ്രമായ പേപ്പർ കവറോ ബാലറ്റ് പെട്ടിയായി ഉപയോഗിക്കാവുന്നതാണ്, വോട്ടെടുപ്പ് ആരംഭിക്കുന്നതിനുമുമ്പ് ബാലറ്റ് പെട്ടി ശൂന്യമാണെന്ന് മത്സരാർത്ഥികളെ ബോധ്യപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തിയ വോട്ടുകൾ ബാലറ്റു പെട്ടിയിലോ, പേപ്പർ കവറിലോ ഇട്ട് അടച്ചുപൂട്ടണം/ഒട്ടിക്കണം.

12) റിട്ടേണിങ് ഓഫീസറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രിസൈഡിങ് ഓഫീസർമാർ മത്സരാർത്ഥികളുടെയോ, അവരുടെ നിർദ്ദേശകരിലൊരാളുടെയോ സാന്നിദ്ധ്യത്തിൽ അതത് ക്ലാസിൽ വെച്ച് വോട്ടെണ്ണണം. ഫലപ്രഖ്യാപനം അതത് ക്ലാസുകളിൽ നടത്തിയാൽ മതി.

13) വോട്ടെണ്ണലിനുശേഷം എല്ലാവോട്ടുകളും കവറിലിട്ട് ഒട്ടിച്ച് സ്കൂൾ മുദ്രപതിപ്പിച്ച് ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ ചുമതല രക്ഷാധികാരികൾക്കായിരിക്കും.

## V പാർലമെന്റിന്റെ പ്രഥമയോഗവും, ഭാരവാഹികളുടെ തെരഞ്ഞെടുപ്പും

1) പാർലമെന്റിന്റെ പ്രഥമയോഗത്തിൽ സ്റ്റാഫ് അഡ്വൈസർ യോഗത്തിൽ അധ്യക്ഷത വഹിക്കേണ്ടതും ഓരോ ക്ലാസ് ലീഡറും സത്യപ്രതിജ്ഞ (അനുബന്ധം.2) എടുക്കേണ്ടതുമാണ്.

2) പാർലമെന്റിന്റെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന പ്രഥമയോഗം ക്ലാസ് ലീഡർ തെരഞ്ഞെടുപ്പിന്റെ ദിവസം ഉച്ചയ്ക്കുശേഷം തന്നെ ചേരണം. ഈ യോഗത്തിൽ വെച്ച് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി, ജോ.സെക്രട്ടറി, കലാവേദി, കായികവേദി, സാഹിത്യവേദി തുടങ്ങിയവയുടെ സെക്രട്ടറിമാർ, ജോ.സെക്രട്ടറിമാർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. മത്സരം വരുന്ന സാഹചര്യത്തിൽ രഹസ്യബാലറ്റ് ഉപയോഗിക്കാവുന്നതാണ്. പെൺകുട്ടികളുടെ സംവരണം പാലിച്ചുകൊണ്ടായിരിക്കണം ഓരോ സ്ഥാനത്തേക്കുമുള്ള തെരഞ്ഞെടുപ്പുകൾ.

3) ചെയർപേഴ്സൺ സ്റ്റാഫ് അഡ്വൈസർക്കു മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കണം. തുടർന്ന് മറ്റു ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്തതിനുശേഷമായിരിക്കും യോഗം അവസാനിക്കുന്നത്.

## VI പാർലമെന്റിന്റെ ചുമതലകളും കടമകളും

1) എല്ലാ മാസവും പാർലമെന്റ് യോഗം ചേരേണ്ടതുണ്ട്. ആവശ്യമെങ്കിൽ അസാധാരണയോഗം ചേരാം.

2) ചെയർപേഴ്സൺ ആയിരിക്കും പാർലമെന്റിൽ അധ്യക്ഷത വഹിക്കുക. സെക്രട്ടറി നടപടിക്രമങ്ങൾ അവതരിപ്പിക്കുകയും, രേഖപ്പെടുത്തുകയും ചെയ്യും. ഇതിന് ജെ.സെക്രട്ടറിയുടെ സഹായം തേടാവുന്നതാണ്. പാർലമെന്റിന്റെ അജണ്ട, അംഗങ്ങൾക്കുള്ള നോട്ടീസ്, ഇവ തീരുമാനിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും സ്റ്റാഫ് അഡ്വൈസറും ചേർന്നാണ്. യോഗ നടപടി നിയന്ത്രിക്കുന്നതിനും, അംഗങ്ങളുടെ മേൽ ആവശ്യമെങ്കിൽ രക്ഷാധികാരികളുടെ അംഗീകാരത്തിനു വിധേയമായി അച്ചടക്ക നടപടികളെടുക്കുന്നതിനും ചെയർപേഴ്സണ് അധികാരമുണ്ടായിരിക്കും. ചെയർപേഴ്സന്റെ അഭാവത്തിൽ വൈസ് ചെയർപേഴ്സൺ യോഗത്തിൽ അധ്യക്ഷത വഹിക്കും.

3) സാധാരണ യോഗങ്ങൾക്ക് 7 ദിവസം മുമ്പെങ്കിലും നോട്ടീസ് നൽകിയിരിക്കണം. അസാധാരണ യോഗങ്ങൾക്ക് മുൻകൂട്ടി നോട്ടീസ് കൊടുക്കേണ്ടതില്ല.

4) ഓരോ പാർലമെന്റ് സെഷനും ആരംഭിക്കുന്നത് ചോദ്യോത്തര വേളയോടെയാണ്. അംഗങ്ങൾ(ക്ലാസ് ലീഡർമാർ) തങ്ങൾക്ക് ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ, അജണ്ടക്കുറിപ്പും, അറിയിപ്പുംകിട്ടിയ ശേഷം യോഗതീയതിക്ക് മൂന്ന് ദിവസം മുമ്പ് സെക്രട്ടറിക്ക് എഴുതി നൽകേണ്ടതുണ്ട്. അസാധാരണ യോഗങ്ങൾക്ക് ചോദ്യോത്തരവേള നിർബന്ധമില്ല. ചോദ്യോത്തരവേളയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടത് സെക്രട്ടറിയാണ്. ഇതിന് സ്റ്റാഫ് അഡ്വൈസരുടെയും മറ്റ് വേദികളുടെ സെക്രട്ടറിമാരുടെയും സഹായം തേടാവുന്നതാണ്. തുടർന്ന് പ്രവർത്തന പരിപാടികൾ അവതരിപ്പിക്കാം. അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ വെക്കാം. തർക്കമുണ്ടാകുന്ന വേളകളിൽ വോട്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാം. അംഗങ്ങൾ കൈയ്യുയർത്തി വോട്ടെടുക്കുന്ന രീതി മതിയാകും. പാർലമെന്റ് സെക്രട്ടറി യോഗതീരുമാനങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും, യോഗാവസാനം മിനുട്സ് വായിച്ച് അംഗീകരിച്ച് ചെയർപേഴ്സന്റെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.

5) സ്കൂളിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും പാർലമെന്റിന്റെ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കലാമേള, കായികമേള, ശാസ്ത്രമേള, സ്കൂൾ ദിനാഘോഷം, എന്നിവയിൽ പാർലമെന്റ് ഭാരവാഹികൾക്ക് വേദികളിലും കമ്മറ്റികളിലും അർഹമായ പങ്കാളിത്തം നൽകേണ്ടതാണ്.

6) സ്കൂൾ പി.ടി.എ. സമിതി എടുക്കുന്ന തീരുമാനങ്ങൾ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ/സ്റ്റാഫ് സെക്രട്ടറി എന്നിവർ പാർലമെന്റിനെ അറിയിക്കേണ്ടതും പി.ടി.എ.യുടെ സഹായവും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതുമാണ്.

## VII സ്കൂൾ പാർലമെന്റിന്റെ കാലാവധി

സ്കൂൾ പാർലമെന്റിന്റെ ഒന്നാമത്തെ യോഗം തൊട്ട് അക്കാദമിക വർഷത്തിലെ അവസാനത്തെ യോഗംവരെയായിരിക്കും പാർലമെന്റിന്റെ കാലാവധി. എല്ലാ അക്കാദമിക വർഷത്തിന്റെ തുടക്കത്തിലും തെരഞ്ഞെടുപ്പ് നടത്തി പാർലമെന്റ് പുനഃസംഘടിപ്പിക്കേണ്ടതാണ്. അക്കാദമിക വർഷത്തിന്റെ മധ്യത്തിൽ പാർലമെന്റ് പിരിച്ചു വിട്ടാൽ രക്ഷാധികാരികളുടെ സംയുക്ത തീരുമാനപ്രകാരം പുതുതായി തെരഞ്ഞെടുപ്പ് നടത്തുകയോ നടത്താതിരിക്കുകയോ ചെയ്യാം. ഇക്കാര്യത്തിൽ രക്ഷാധികാരികളുടെ സംയുക്ത തീരുമാനം ചോദ്യം ചെയ്യാനാവില്ല.

VIII വിദ്യാർത്ഥികളുടെ അവകാശങ്ങളും ചുമതലകളും

1) സ്കൂൾ പാർലമെന്റിൽ സമർപ്പിക്കേണ്ട നിർദ്ദേശങ്ങളും ശുപാർശകളും തങ്ങളുടെ ക്ലാസ് ലീഡർ വഴി സമർപ്പിക്കാൻ വേണ്ടി വിദ്യാർത്ഥികൾക്ക് അവരെ സമീപിക്കാവുന്നതാണ്.

2) സ്കൂൾ പാർലമെന്റിന്റെ തീരുമാനങ്ങൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ മാത്രമെ നടപ്പാക്കാൻ കഴിയൂ. ക്ലാസ് ലീഡർ, ചെയർപേഴ്സൺ, മറ്റ് ഭാരവാഹികൾ എന്നിവരുടെ നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും ബാധ്യതയുണ്ട്.

IX ക്ലാസ് ലീഡറുടെ അവകാശങ്ങളും ചുമതലകളും

1) പാർലമെന്റിന്റെ പരിഗണനയ്ക്കായി അഭിപ്രായങ്ങളും ശുപാർശകളും വെക്കുക.

2) പരിപാടികളെ സൃഷ്ടിപരമായി വിമർശിക്കുകയും നിർദ്ദേശങ്ങൾ വെക്കുകയും ചെയ്യുക.

3) സ്കൂൾ പാർലമെന്റിനെ പ്രതിനിധീകരിച്ച് നിയമപ്രകാരം ആവശ്യമുള്ളിടങ്ങളിൽ പങ്കെടുക്കുക.

X ചെയർപേഴ്സന്റെ അവകാശങ്ങളും ചുമതലകളും

1) സ്കൂൾ പാർലമെന്റ് യോഗങ്ങളിൽ അധ്യക്ഷം വഹിക്കുക.

2) പാർലമെന്റിന്റെ നടപടിക്രമങ്ങൾക്കനുസരിച്ച് സഭ നടത്തുകയും ആവശ്യമായ സമയങ്ങളിൽ റൂളിങ് നൽകുകയും ചെയ്യുക.

3) സഭയുടെ അന്തസ്സിന് ചേരാത്ത രീതിയിൽ പെരുമാറുന്ന ഒരു ക്ലാസ് ലീഡറെ രക്ഷാധികാരികളുടെ തുടർന്നുള്ള അംഗീകാരത്തിന് വിധേയമായി പാർലമെന്റിൽ നിന്നും സസ്പെന്റ് ചെയ്യുക.

XI രക്ഷാധികാരികളുടെ സംയുക്താധികാരങ്ങൾ

1) സ്കൂൾ പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുക.

2) റിട്ടേണിങ് ഓഫീസർ, അസി.റിട്ടേണിങ് ഓഫീസർ/പ്രിസൈഡിങ് ഓഫീസർ എന്നിവരെ നിയമിക്കുക

3) ക്ലാസ് ലീഡറെ നീക്കം ചെയ്യാനുള്ള ചെയർ പേഴ്സന്റെ ശുപാർശ യുക്തിസഹമായും നീതിപൂർവ്വമായും പരിഗണിച്ച് തീരുമാനിക്കുക.

4) പാർലമെന്റ് തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെങ്കിൽ അത് പിരിച്ചുവിടുക. അങ്ങിനെ ചെയ്യുന്നതിന് മുമ്പ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്ക് ഇക്കാര്യത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരം നൽകേണ്ടതാണ്.

5) സ്കൂളിന്റെ അച്ചടക്കത്തിനോ സ്കൂൾ ഭരണകാര്യത്തിൽ വകുപ്പിന്റെ നിയമാവലിക്ക് എതിരായോ എടുക്കുന്ന തീരുമാനം വീറ്റോ ചെയ്യുക.

6) പാർലമെന്റ് നിർദ്ദേശിക്കുന്ന പരിപാടികൾ നടപ്പാക്കാൻ ഔപചാരികമായ അനുവാദം കൊടുക്കുക.

അനുബന്ധം 1

നാമനിർദ്ദേശ പത്രിക

1) സ്കൂളിന്റെ പേര്:

2) സ്ഥാനാർത്ഥിയുടെ പേര്:

3) ക്ലാസ്സും ഡിവിഷനും:

4) വീട്ടിന്റെ വിലാസം:

5) ജനനത്തീയതിയും വയസ്സും:

6) ഒന്നാം വർഷ വിദ്യാർത്ഥിയാണോ? ആണ്/അല്ല

## പ്രതിജ്ഞ

..................................ക്ലാസിന്റെ..................................ഡിവിഷനിലെ വിദ്യാർത്ഥിയായ .................................. (പേര്) എന്ന ഞാൻ സ്കൂളിന്റെ അച്ചടക്കവും നിയമാവലികളും പാലിക്കുമെന്നും സ്ഥാപനത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥാനാർത്ഥിയുടെ ഒപ്പ്

സ്ഥലം:
തീയതി:

..................................ക്ലാസിലെ..............ഡിവിഷനിലെ ക്ലാസ് ലീഡറായി അതേ ക്ലാസിലും ഡിവിഷനിലും പഠിക്കുന്ന..................................................................നെ ഞാൻ നിർദ്ദേശിക്കുന്നു.

നിർദ്ദേശകന്റെ പേരും ഒപ്പും

സ്ഥലം:
തീയതി:

മേൽപറഞ്ഞ നിർദ്ദേശത്തെ അതേ ക്ലാസിലും ഡിവിഷനിലും പഠിക്കുന്ന ഞാൻ പിന്താങ്ങുന്നു.

പിന്താങ്ങുന്ന ആളുടെ പേരും ഒപ്പും

സ്ഥലം:
തീയതി:

---

പ്രിസൈഡിങ് ഓഫീസറുടെ/റിട്ടേണിങ് ഓഫീസറുടെ ഉപയോഗത്തിന്

നിർദ്ദേശം സ്വീകരിക്കുന്നു/തള്ളുന്നു. (തള്ളുന്നതിന് കാരണം എഴുതുക)

പ്രിസൈഡിങ് ഓഫീസറുടെ പേരും ഒപ്പും    റിട്ടേണിങ് ഓഫീസറുടെ പേരും ഒപ്പും

---

**അനുബന്ധം 2**

**ക്ലാസ് ലീഡറുടെ പ്രതിജ്ഞ**

................ക്ലാസിലെ......................ഡിവിഷനിലെ ലീഡറായ...........................................................(പേര്) എന്ന ഞാൻ സ്കൂളിന്റെ അച്ചടക്കവും നിയമാവലികളും പാലിക്കുമെന്നും സ്ഥാപനത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ക്ലാസ് ലീഡറുടെ പേരും ഒപ്പും

സ്ഥലം:
തീയതി:

**വിവിധ ഭാരവാഹികളുടെ പ്രതിജ്ഞ**

.....................സ്കൂളിലെ ..........................................................................(ഭാരവാഹിത്വത്തിന്റെ പേര്) ആയി തെരഞ്ഞെടുക്കപ്പെട്ട.....................ക്ലാസിലെ വിദ്യാർത്ഥിയായ...........................................................(പേര്) എന്ന ഞാൻ സ്കൂളിന്റെ അച്ചടക്കവും നിയമാവലികളും പാലിക്കുമെന്നും സ്ഥാപനത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ഭാരവാഹിയുടെ പേരും ഒപ്പും

സ്ഥലം:
തീയതി: